ഹദീസ്

നൗഷാദ് ചേനപ്പാടി

# ഇസങ്ങളുടെ 'സാഹിറുകൾ'

عن عبدالله بن عمر رضي الله عنهما؛ أنَّه قَدِمَ رجُلان مِن المَشْرق، فَخَطَبا فعَجِبَ الناسُ لِبيانِهما، فقال رسول الله صلَّى الله عليه وسلَّم: إنَّ مِنَ البَيانِ لَسِحرًا - أوْ إنَّ بَعْضَ البَيانِ سِحرٌ ( رواه البخارى في صحيحه: رقم : ٥٧٦٧)

**അബ്ദുല്ലാഹ് ഇബ്നു ഉമറി(റ)ൽ നിന്ന്. കിഴക്കൻ നാടുകളിൽനിന്ന് രണ്ടു ആളുകൾ വന്നു ജനങ്ങളോട് പ്രസംഗിച്ചു. അവരുടെ വശ്യമായ അവതരണത്തിൽ ജനങ്ങൾക്ക് കൗതുകം ജനിച്ചു. അതിനോട് നബി(സ) ഇങ്ങനെ പ്രതികരിച്ചു: തീർച്ചയായും ചില പ്രസംഗങ്ങൾ വശീകരണശക്തിയുള്ളതാണ്. (ഇമാം ബുഖാരി(റ) തന്റെ സ്വഹീഹിൽ 5767– നമ്പറായി കിതാബുത്വിബ്ബിൽ ഉദ്ധരിച്ചത്)**

സിഹ്ർ എന്ന പദത്തിന്റെ നിഷ്പത്തി 'സഹർ' (سحر) എന്നതിൽ നിന്നാണ്. രാത്രിയുടെ അന്ത്യയാമം, പുലരാനടുക്കുന്ന സമയം എന്നാണ് സഹറിന്റെ അർഥം. ഇരുട്ടും വെളിച്ചവും കൂടിച്ചേരുന്ന ഈ സമയത്ത് വസ്തുക്കളെ യഥാർഥ രൂപത്തിൽ തിരിച്ചറിയാൻ കഴിയില്ല. ഈ അവ്യക്തതയും സന്ദേഹവും അത് സൃഷ്ടിക്കുന്ന മാനസികാവസ്ഥയുമാണ് സിഹ്ർ ഉൾക്കൊള്ളുന്ന ആശയം. യാഥാർഥ്യം മനസ്സിലാവാത്ത മാരണം, കൺകെട്ട്, ജാലവിദ്യ, വശീകരണം, മന്ത്രവാദം തുടങ്ങിയ ആശയങ്ങളെ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കുന്നു. അറബിഭാഷയിലെ ഏറ്റവും ആധികാരികമായ നിഘണ്ടുവിൽ സിഹ്റിന് പതിനഞ്ചോളം അർഥങ്ങൾ കൊടുത്തിരിക്കുന്നു.

ലഭ്യമായതിൽവച്ച് സിഹ്റിന്റെ ഏറ്റവും നല്ല നിർവചനം ഇമാം റാസി(റ) തന്റെ തഫ്സീറിൽ നൽകിയതാണ്.

انّ لفظ السحر في عرف الشرع مختصّ بكلّ أمر يخفي سببه و يتخيّل على غير حقيقته و يجري مجرى التّمويه و الخداع

(കാരണം അവ്യക്തമായതും, യാഥാർഥ്യത്തിന് വിരുദ്ധമായി തോന്നുന്നതും, വഞ്ചനാകുതന്ത്രങ്ങളോടെ നടമാടുന്നതുമായ എല്ലാ കാര്യങ്ങളെയും പ്രത്യേകമായി സൂചിപ്പിക്കുന്ന പദമാണ് ശർഇൽ സിഹ്ർ.)

ഭാഷാപരമായ അടിസ്ഥാനാർഥത്തോട് ഏറെ ഒത്തുവരുന്ന നിർവചനമാണ് ഇമാം റാസിയുടേത്. അതുകൊണ്ടാവണം സിഹ്റിന് യാഥാർഥ്യമില്ല എന്ന് പണ്ടുമുതലേ നല്ലൊരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. സിഹ്റിന് യാഥാർഥ്യമില്ലെങ്കിൽ പിന്നെന്തുകൊണ്ട് അത് 'സബ്ഉൽ മൂബിഖാത്തിൽ' പെട്ട പാപമായി നബി(സ) എണ്ണി എന്ന ചോദ്യമുണ്ട്. ഇസ്‌ലാമിലെ ഏറ്റവും ഗുരുതരമായ, ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണല്ലോ ശിർക്ക്. അതിന് യാഥാർഥ്യമില്ലല്ലോ. അഥവാ അല്ലാഹുവല്ലാതെ ഒരിലാഹ് യഥാർഥത്തിലില്ലല്ലോ. എന്നിട്ടും അയഥാർഥമായ ഒന്നിലുള്ള വിശ്വാസമാണ് ഏറ്റവും കൊടിയ പാപമായിട്ടുള്ളത്. മേൽ കൊടുത്ത ഹദീസ് പ്രസംഗകർക്കുള്ള മദ്ഹ്/പ്രശംസ ആയിട്ടാണ് പലരും കാണാറുള്ളത്. എന്നാലീ ഹദീസ് മദ്ഹ് അല്ല, ദമ്മ്/ആക്ഷേപം ആണെന്ന അഭിപ്രായമാണ് പ്രബലമായി ത്തോന്നുന്നത്. ആശയപ്രകാശനത്തിനുള്ള ഏത് മാധ്യമവും, അത് പ്രസംഗമോ എഴുത്തോ ചിത്രീകരണമോ സിനിമയോ ആവട്ടെ, അതെല്ലാം ഹദീസിൽ പറഞ്ഞ 'ബയാനി'ൽ പെടും.

ഈ പ്രപഞ്ചത്തിലെ പരമ യാഥാർഥ്യമായ നബിമാരുടെ സന്ദേശത്തെ എവിടെയും എക്കാലത്തും അയാഥാർഥ്യവും വഞ്ചനയും കുതന്ത്രവും കൊണ്ട് നേരിട്ടത് 'സാഹിറുകൾ'ത്തന്നെയായിരുന്നു. അന്ത്യപ്രവാചകനു മുമ്പ് ആ സിഹ്ർ പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവവേദ്യമായതായിരുന്നു. അതുമുഖേന അവർ ജനങ്ങളുടെ കാഴ്ചയെയും കേൾവിയെയും ബുദ്ധിയെയും ചിന്തയെയും നബിമാർ കാണിച്ചു തന്ന സത്യപന്ഥാവിൽനിന്ന് വഴിതിരിച്ചുവിട്ടു. അതിനാൽ ആ സിഹ്റിനെ പൊളിച്ചടക്കാൻ നബിമാർ കൊണ്ടുവന്ന മുഅ്ജിസത്തും പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവവേദ്യമായതായിരുന്നു; മൂസാനബി(അ)യുടെ വടിപോലെ. ആ സാഹിറുകളുടെ കയറുകൾ അവരുടെ സിഹ്ർ മുഖേന പാമ്പായി ജനങ്ങൾക്ക് തോന്നുകയായിരുന്നു. അല്ലാതെ അതിന്റെ യാഥാർഥ്യം മാറിയിരുന്നില്ല. എന്നാൽ മൂസാനബി(അ)യുടെ വടി യഥാർഥ പാമ്പായി മാറി സാഹിറുകളുടെ സിഹ്റിനെ നിഷ്പ്രഭമാക്കുകയായിരുന്നു. ഇതു തിരിച്ചറിഞ്ഞ സാഹിറുകൾ മൂസാനബി(അ)യിൽ വിശ്വസിച്ചു. ഫിർഔന്റെ സകല ഭീഷണികളെയും പീഡനങ്ങളെയും അതിജയിക്കുമാറുള്ള യഖീനായ വിശ്വാസം. എന്നാൽ മനുഷ്യവംശത്തെ വഴിതെറ്റിക്കാനായി ലോകാവസാനംവരേക്കും നിലകൊള്ളുന്ന അസംഖ്യം സിഹ്റുകളെയും സാഹിറുകളെയും നേരിടാനായി അല്ലാഹു അന്ത്യപ്രവാചകന് നൽകിയ മുഅ്ജിസത്ത് ബുദ്ധിപരവും

ചിന്താപരവും വൈജ്ഞാനികവുമാണ്. അയാഥാർഥ്യത്തിലധിഷ്ഠിതമായ ശിർക്കിൽ ജനങ്ങളെ ഉറപ്പിച്ചു നിർത്തുകയും തൗഹീദിന്റെ സന്ദേശത്തെ നേരിടുകയും ചെയ്ത, വഞ്ചനയുടെയും കുതന്ത്രത്തിന്റെയും അക്കാലത്തെ സാഹിറുകളെ നബി (സ) നേരിട്ടത് ഖുർആനാകുന്ന ചിന്താപരമായ മുഅ്ജിസത്ത് ഉപയോഗിച്ചായിരുന്നു.

പ്രവാചക ദൗത്യത്തിന്റെ അനന്തരാവകാശികളായ മുസ്‌ലിം സമൂഹം എക്കാലത്തെയും അതിമഹത്തായ അമാനുഷ ദൃഷ്ടാന്തമായ വിശുദ്ധ ഖുർആൻ കൈയിലേന്തി, ജനങ്ങളെ സത്യത്തിൽനിന്നും യാഥാർത്ഥ്യത്തിൽനിന്നും തിരിച്ചുവിടുന്ന എല്ലാ തരം പ്രത്യയശാസ്ത്ര സിഹ്‌റുകളെയും അയാഥാർഥ്യങ്ങളെയും നേരിടാൻ പ്രതിജ്ഞാബദ്ധരാണ്. വിശുദ്ധ ഖുർആനും അതു സമർപ്പിക്കുന്നതുമാണ് മനുഷ്യനെ ഇഹത്തിലും പരത്തിലും രക്ഷപ്പെടുത്തുന്ന സത്യശുദ്ധമായ വിശ്വാസവും യഥാർഥ ജീവിതവ്യവസ്ഥയുമെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം. സിഹ്‌റിന്റെ നിർവചനമനുസരിച്ച് ഈ മതങ്ങളും ഇസങ്ങളും പ്രത്യയശാസ്ത്രങ്ങളും യാഥാർഥ്യത്തിന് വിരുദ്ധമായി തോന്നുന്നതും, ഉത്ഭവവും കാരണവും അവ്യക്തമായതും, വഞ്ചനയാലും കുതന്ത്രങ്ങളാലും നിലനിന്നു പോരുന്നവയുമാണ്. തങ്ങൾ അവകാശപ്പെടുന്ന സമാധാനവും രക്ഷയും സ്വസ്ഥതയും ഇന്നോളം സാക്ഷാത്കരിക്കാൻ ആ ഇസങ്ങളുടെ വക്താക്കൾക്ക് കഴിഞ്ഞിട്ടുമില്ല. അത്തരം മനുഷ്യ വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചത് വശീകരണശക്തിയുള്ള പ്രസംഗങ്ങൾ, എഴുത്തുകൾ, സിനിമയടക്കമുള്ള കലാരൂപങ്ങൾ എന്നിവയിലൂടെയായിരുന്നു; മറ്റൊരു വിധം പറഞ്ഞാൽ, 'സിഹ്‌റി'ലൂടെയായിരുന്നു. മനുഷ്യജീവിതത്തിന്റെ സകല മേഖലകളെയും അതിന്റെ സാഹിറുകൾ കൈയടക്കിയിരിക്കുന്നു. നിരീശ്വരത്വം, യുക്തിവാദം, സർവമതസത്യവാദം തുടങ്ങിയ സകലവാദങ്ങളും മനുഷ്യനെ യാഥാർഥ്യത്തിൽനിന്ന് തിരിച്ചുവിടുന്ന സിഹ്‌റുകളാണ്. ആ സിഹ്‌റുകളിൽ ഡോക്ടറേറ്റെടുത്ത സാഹിറുകളാണ് അവയുടെ പ്രചാരകർ. അതിനെ നേരിടാൻ അല്ലാഹുവിൽനിന്നുള്ള ആയത്തിനെ ഉപയോഗിച്ച് 'മൂസാനബി(അ)യുടെ അനന്തരഗാമികൾ' ഈ തോന്നലുകളായ പാമ്പുകളെ വിഴുങ്ങണം. മനുഷ്യന് ഭംഗിയായിത്തോന്നുന്ന ഈ ഇസങ്ങളും വാദങ്ങളും വെറും പൊള്ളയായിരുന്നുവെന്ന് ജനത്തിന് ബോധ്യപ്പെടുത്തിക്കൊടുക്കണം. അതാണ് കാലഘട്ടത്തിന്റെ ഏറ്റവും വലിയ ജിഹാദ്. و جاهدهم به جهادا كبيرا അഥവാ 'ഈ ഖുർആൻ മുഖേന നീ അവരോട് ഏറ്റവും വലിയ പോരാട്ടം നടത്തുക' എന്നത് ഖുർആന്റെ കൽപനയാണ്. അതാണ് ലോകത്ത് ഖൈറുഉമ്മത്തിന്റെ നിയോഗലക്ഷ്യം. ●